# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 782 | 28.09.2011 - ൽ മറുപടിക്ക്

## കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ സി. കെ. നാണു | | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കാലപ്പഴക്കംചെന്ന പൈപ്പ് ലൈനുകൾ കാരണം ശുദ്ധ ജലവിതരണത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പോരായ്മകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അതിന് പരിഹാരം കാണുവാൻ എന്തു നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്;<br>(സി) കാലപ്പഴക്കംചെന്ന പൈപ്പ് ലൈനുകൾ മാറ്റി പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;<br>(ഡി) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങളും നടപ്പു സാമ്പത്തിക വർഷത്തിൽ അതിനുള്ള ബജറ്റ് വിഹിതം എന്താണെന്നും വ്യക്തമാക്കാമോ? | (ബി)യും (സി)യും (ഡി)യും | പൈപ്പ് ലൈനിന്റെ നിരന്തരമായ പൊട്ടലുകൾ കാരണം ശുദ്ധീകരിച്ച് ഉത്പാദി പ്പിക്കുന്ന ജലം ജനങ്ങൾക്ക് പ്രയോജന പ്രദമായി ലഭ്യമാക്കാൻ സാധിച്ചിട്ടില്ലാത്ത 6 പദ്ധതികളുടെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാൻ 2009-10 ലെ മാന്ദ്യ വിരുദ്ധ പാക്കേജിൽ 168.88 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി.<br>ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗര പദ്ധതികളിലെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പാക്കേജിന് രൂപം നൽകി യിട്ടുണ്ട്. ഇതിന്റെ ടെൻഡറുകൾ ക്ഷണിച്ചു കഴിഞ്ഞു.<br>ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്തെയും സമീപ പഞ്ചായത്തുകളിലേക്കുമുള്ള ശുദ്ധജല വിതരണ വിപുലീകരണത്തിനുള്ള പദ്ധതിയിൽ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ കാലഹരണപ്പെട്ട പൈപ്പ് ലൈനുകൾക്ക് പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെടുന്നു. വർഷങ്ങൾക്ക് മുമ്പ് കമ്മീഷൻ ചെയ്യപ്പെട്ട നഗരശുദ്ധജലവിതരണ പദ്ധതികളുടെയും |

ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളുടെയും കേടായ പൈപ്പ്ലൈനുകൾ, പമ്പിംഗ്മെയിനുകൾ, ഗ്രാവിറ്റി മെയിനുകൾ, വിതരണ ലൈനുകൾ എന്നിവ മാറ്റി സ്ഥാപിക്കൽ എന്നിവ സ്റ്റേറ്റ്പ്ലാൻ ഫണ്ട് ഉപയോഗിച്ചും നടപ്പിലാക്കി വരുന്നു.

വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തിയും ത്രിതല പഞ്ചായത്തുകളുടെ ഡെപ്പോസിറ്റ് വർക്കായും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അത്യാവശ്യമായി മാറ്റി സ്ഥാപിക്കേണ്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കാറുണ്ട്.

കൂടാതെ നബാർഡ് ഫണ്ട് ഉപയോഗിച്ചും ചില പദ്ധതികളുടെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നടന്നു വരുന്നു.

2011-12 -ലെ ബജറ്റിൽ ബഹു. ധനകാര്യമന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ താഴെ പറയുന്നു.

1. സംസ്ഥാനത്തിന്റെ വിവിധ വാട്ടർ സപ്ലൈ സ്കീമുകളിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിലേക്ക് 65 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

   ഇതിൽ തിരുവനന്തപുരം സിറ്റിയിലും സമീപ പ്രദേശങ്ങളിലും അടിക്കടി ഉണ്ടാകുന്ന പൈപ്പ് പൊട്ടൽ പ്രശ്നം പരിഹരിക്കുന്നതിന് പഴയ പൈപ്പുകൾ മാറ്റി പകരം ഡി.ഐ. (ഡക്റ്റയിൽ അയൺ) പൈപ്പുകൾ ഇടുന്നതും ഉൾപ്പെടും.
2. കോട്ടയത്ത് വഴിപ്പറമ്പ് മാതൃമല കുടിവെള്ള പദ്ധതി പ്രദേശത്ത് പൈപ്പ് പൊട്ടൽ പ്രശ്നം പരിഹരിക്കുന്നതിന് പഴയ പൈപ്പുകൾ മാറ്റി പകരം ഡി.ഐ. (ഡക്റ്റയിൽ അയൺ) പൈപ്പുകൾ ഇടുന്നതിലേയ്ക്കായി 33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

   കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റി പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ